LIBRARY ARCHIVES Kerala Legislative Assembly

പൊതുജലാശയങ്ങളുടെ നവീകരണവും സംരക്ഷണവും

199 (891) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബാലുശ്ശേരി അസംബ്ലിമണ്ഡലത്തിലെ ഏതെല്ലാം പൊതുജലാശയങ്ങൾ സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും ശിപാർശ ചെയ്യപ്പെട്ട് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട് ; ഇവയുടെ പേരുവിവരങ്ങളും എസ്റ്റിമേറ്റ് തുകയും അറിയിക്കാമോ ?

ഉത്തരം

ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ പൊതുജലാശയങ്ങൾ സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും സർക്കാരിൽ ശിപാർശകളൊന്നും ലഭ്യമായിട്ടില്ല.

മിഷൻ 676 -കുടിവെള്ളം ലഭിക്കുന്നതിനുള്ള പദ്ധതികൾ

200 (892) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. റ്റി ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി എല്ലാവർക്കും കുടിവെള്ളം ലഭിക്കുന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദവിവരം നൽകുമോ ;

(ബി) എത്തെല്ലാം പദ്ധതികളാണ് പ്രസ്തുത പദ്ധതി മുഖേന നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികൾ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. നിലവിൽ പണി നടന്നുകൊണ്ടിരിക്കുന്ന ചെറുതും വലുതുമായ 154 കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാനാണ് മിഷൻ 676-ൽ കേരള വാട്ടർ അതോറിറ്റി ലക്ഷ്യമിടുന്നത്.